"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനീയറിംഗ് വിഭാഗം- മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിൽ കൈതക്കുളം സ്കൂൾകുന്ന് റോഡ് നിർമ്മാണം- വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ഷരീഫ് ഉമ്മിണിയിലിനെതിരെ സ്വീകരിച്ചുവരുന്ന അച്ചടക്ക നടപടി-തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1282/2026/LSGD തീയതി,തിരുവനന്തപുരം, 13-07-2026

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 04.10.2024-ലെ E15-(SC-15/24/MPM)20774/2020/DVACB നമ്പർ കത്ത്.
2. വിജിലൻസ് (ഡി) വകുപ്പിന്റെ 02.12.2024-ലെ വിജി-ഡി1/260/2024-വിജി നമ്പർ കത്ത്.
3. 07.07.2025-ലെ EWA2/7/2025-LSGD നമ്പർ കുറ്റപത്രം / കുറ്റാരോപണപത്രിക.
4. റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ഷരീഫ് ഉമ്മിണിയിൽ 18.08.2025 തീയതിയായി സമർപ്പിച്ച പ്രതിവാദപത്രിക.
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 09.09.2025, 25.04.2026 തീയതികളിലെ LSGD/PD/22724/ 2025-VIGD6 നമ്പർ കത്ത്.
6. ത.സ്വ.ഭ.വ ഉത്തരമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലത്തിൽ നിന്നുള്ള 28.10.2025-ലെ E4/1297/2025 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിൽ കൈതക്കുളം സ്കൂൾകുന്ന് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ ഒരു മിന്നൽപരിശോധന നടത്തി പരാമർശം 1, 2 പ്രകാരം വിജിലൻസ് ഡയറക്ടർ വിജിലൻസ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കി. വിജിലൻസ് മിന്നൽ പരിശോധനയിൽ, ഏഴുകളരി വാർഡ് 15-ൽ കൈതക്കുളം-സ്കൂൾകുന്ന് റോഡിൽ അരീക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ SO 014/17, 182/18 എന്നീ പ്രോജക്ട് നമ്പറായുള്ള പദ്ധതികൾ ടി റോഡ് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതാണോ എന്ന് പരിശോധിക്കാതെയാണ് നടപ്പാക്കിയത്

എന്ന് കണ്ടെത്തിയതിനെത്തുടർന്ന് ആയതിന് ഉത്തരവാദിയായ മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ഷരീഫ് ഉമ്മിണിയിൽ (PEN:605814, DoR: 31.12.2025)-നെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിനശിക്ഷയുള്ള അച്ചടക്കനടപടി ആരംഭിച്ച് പരാമർശം 3 കുറ്റപത്രം / കുറ്റാരോപണ പത്രിക നൽകി.

2. മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ഷരീഫ് ഉമ്മിണിയിൽ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന സമർപ്പിച്ച പരാമർശം 4 പ്രതിവാദപത്രികയിൽ, പ്രസ്തുത റോഡിന്റെ **രണ്ട് പ്രവൃത്തികളും (SO 014/17, 182/18) ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതാണ് എന്ന് ഉറപ്പാക്കിയതിന് ശേഷം** നിലവിലുണ്ടായിരുന്ന റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിയാണ് നടപ്പിലാക്കിയത് എന്നും പുതുതായി റോഡ് നിർമ്മിച്ചിട്ടില്ല എന്നും, ടി പ്രവൃത്തികൾ നടത്തിയത് സദുദ്ദേശ്യത്തോടെയും പൊതുജനതാൽപര്യാർഥവുമാണ് എന്നും അറിയിച്ചിരിക്കുന്നു. ആദ്യത്തെ പ്രവൃത്തിയുടെ (SO 014/17) നിർവ്വഹണ ഉദ്യോഗസ്ഥൻ അന്നത്തെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായിരുന്ന ശ്രീ. കെ. മുഹമ്മദ് ബഷീറും, രണ്ടാമത്തെ പ്രവൃത്തിയുടെ (SO 182/18) നിർവ്വഹണ ഉദ്യോഗസ്ഥൻ അരീക്കോട് ബ്ലോക്ക്പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീ. ഷരീഫ് ഉമ്മിണിയിലും ആയിരുന്നു എന്നും പ്രതിവാദപത്രികയിൽ അറിയിച്ചിരിക്കുന്നു. ശ്രീ. ഷരീഫ് ഉമ്മിണിയിലിന്റെ വാദങ്ങൾ ചുവടെ ചേർക്കുന്നു:-

> എടവണ്ണ ഗ്രാമപഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെട്ട കൈതക്കുളം-സ്കൂൾകുന്ന് റോഡ് ഗ്രാമപഞ്ചായത്തിലെ രണ്ട് പ്രധാനപ്പെട്ട റോഡുകളെ ബന്ധിപ്പിക്കുന്ന റോഡാണ്; സ്വകാര്യ വ്യക്തിയുടെ സ്ഥലത്തേക്കുള്ള റോഡല്ല. നൂറ് കണക്കിന് ആളുകൾ ദിവസവും സഞ്ചരിക്കുന്നതും ഇരുവശത്തുമായി ധാരാളം വീടുകളും ഉള്ള റോഡാണ്. ടി റോഡ് നിലവിൽ പൂർണ്ണമായും കോൺക്രീറ്റ് ചെയ്ത് 450 മീറ്റർ നീളമുള്ളതും എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും ആസ്തി രജിസ്റ്ററിലും R-Track എന്ന ഓൺലൈൻ വെബ്സൈറ്റിലും ഉൾപ്പെട്ടതുമാണ്. താൻ പ്രസ്തുത പ്രവൃത്തികൾ നടത്തുന്ന സമയത്ത് അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറായി മാത്രമാണ് ജോലിനോക്കിയിരുന്നത്; എടവണ്ണ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറായി ജോലി നോക്കിയിട്ടില്ല.

3. മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ഷരീഫ് ഉമ്മിണിയിൽ കുറ്റം പൂർണമായും നിഷേധിക്കുകയും കൈതക്കുളം-സ്കൂൾകുന്ന് റോഡ് എടവണ്ണ ഗ്രാമപഞ്ചായത്ത് ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് എടവണ്ണ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 16.08.2025-ൽ നൽകിയ 3896904-2025 നമ്പർ സാക്ഷ്യപത്രം, ആസ്തി രജിസ്റ്ററിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

4. പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 5 പ്രകാരം ലഭ്യമാക്കിയ അഭിപ്രായക്കുറിപ്പിൽ, നിലവിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് കൈതക്കുളം സ്കൂൾകുന്ന് റോഡിന്റെ നിർമ്മാണം പൂർണ്ണമായി ഗതാഗതയോഗ്യം ആക്കിയതിനാലും 2019-ൽ 19081005000001326

നമ്പറായി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ടി റോഡ് ഉൾപ്പെടുത്തിയതും പരിഗണിച്ച് മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ഷെരീഫ് ഉമ്മിണിയിലിനെതിരെയുള്ള അച്ചടക്കനടപടികൾ തീർപ്പ് കൽപ്പിക്കാവുന്നതാണ് എന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു.

5. മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ഷരീഫ് ഉമ്മിണിയിലിനെതിരെയുള്ള അച്ചടക്കനടപടിയിൽ, ചട്ടപ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തിയതിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-

- കൈതക്കുളം-സ്കൂൾകുന്ന് റോഡ് രണ്ടു പ്രധാനപ്പെട്ട റോഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ലിങ്ക് റോഡാണെന്നും നിരവധി ആളുകൾക്ക് ഈ റോഡ് വഴി പ്രയോജനം ലഭിക്കുന്നതായും പെരുവിൽകുന്ന്-കൈതക്കുളം ഏഴുകളരി റോഡ് ഭാഗത്ത് നിന്നും വിദ്യാർത്ഥികൾക്ക് സ്കൂൾറോഡിൽ പ്രവേശിക്കുന്നതിന് ഈ റോഡ് വളരെ സഹായകമാണെന്നും കാണുന്നു. ആയതിനാൽ, ടി റോഡ് പ്രവൃത്തി നടപ്പിലാക്കിയത് തികച്ചും സദുദ്ദേശ്യത്തോടെയാണെന്നു മനസിലാക്കാം.
- ആസ്തി രജിസ്റ്ററിൽ റോഡ് ഉൾപ്പെടുത്തുന്നതും ആയത് കാലികമാക്കുന്നതും പൂർണ്ണമായും പഞ്ചായത്തിന്റെ ഉത്തരവാദിത്തമാണെന്നിരിക്കെ, സബ്ഡിവിഷനിലെ ഉദ്യോഗസ്ഥന് ടി വിഷയത്തിൽ യാതൊരു ഇടപെടലുകളും നടത്താൻ സാധ്യമല്ല, ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതാണോ എന്ന് ഉറപ്പു വരുത്തി ഭരണസമിതി അംഗീകരിച്ച പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കേണ്ട ബാധ്യതയെ ഉള്ളൂ.
- ടി റോഡിൽ ബ്ലോക്ക് പഞ്ചായത്ത് ആദ്യമായി നടപ്പിലാക്കിയ പ്രവൃത്തി (SO 14/17) 2016-17 കാലയളവിൽ അസിസ്റ്റന്റ് എഞ്ചിനീയർ ആയ ശ്രീ. ഷരിഫ് ഉമ്മിണിയിൽ നിർവ്വഹണ ഉദ്യോഗസ്ഥനല്ല. ആസ്തി രജിസ്റ്റർ Unique ID-ൽ വന്ന മാറ്റങ്ങൾ ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന്റെ ഭാഗമായി എടവണ്ണ പഞ്ചായത്ത് തലത്തിൽ പിന്നീട് വരുത്തിയവ ആയിരിക്കാമെന്നും ആയതിന് ഒരുവിധത്തിലും ബ്ലോക്കിലെ അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീ. ഷരിഫ് ഉമ്മിണിയിൽ ഉത്തരവാദിയാകുന്നില്ല എന്നും കാണുന്നു.
- നിലവിൽ ടി റോഡ് ആസ്തി രജിസ്റ്ററിലും R-Track-ലും ഉൾപ്പെട്ടതായതിനാലും പ്രവൃത്തിയുടെ നിർവ്വഹണം മൂലം നിരവധിപ്പേർക്ക് പ്രയോജനം ലഭിച്ചുവരുന്നതിനാലും ഇപ്പോൾ ടിയാനുമേൽ വന്നിട്ടുള്ള ആരോപണത്തിനു പ്രസക്തി ഇല്ലെന്നു വിലയിരുത്തുന്നു. ആയതിനാൽ, ശ്രീ. ഷരിഫ് ഉമ്മിണിയിലിന്റെ പ്രതിവാദപത്രികയിലെ വാദങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കുന്നതിന് ശിപാർശ ചെയ്തിരിക്കുന്നു.

6. തുടർന്ന് കുറ്റാരോപിതനെ 16.12.2025-ൽ അന്നത്തെ അണ്ടർ സെക്രട്ടറി നേരിൽകേൾക്കുകയുണ്ടായി. അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് 2016-17 വർഷത്തെ പദ്ധതിയിൽ SO 014/17 ഉൾപ്പെടുത്തിയ കൈതകുളം സ്കൂൾ കുന്ന് റോഡ് അഭിവൃദ്ധിപ്പെടുത്തൽ എന്ന പ്രവൃത്തിയ്ക്ക് 5,00,000/- രൂപയാണ് വകയിരുത്തിയിരുന്നതെന്നും അന്നത്തെ അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയിരുന്ന ശ്രീ. മുഹമ്മദ് ബഷീർ കെ. ആയിരുന്നു നിർവ്വഹണ

ഉദ്യോഗസ്ഥൻ എന്നും മേൽനോട്ട ചുമതല വഹിച്ചിരുന്ന ഓവർസിയർ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയത് പരിശോധിക്കുക മാത്രമേ ചെയ്തിരുന്നുള്ളൂ എന്നും ടി സമയത്ത് ആസ്തി റജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തിയതിനുശേഷമാണ് തുടർനടപടികൾ സ്വീകരിച്ചതെന്നും മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ഷരീഫ് ഉമ്മിണിയിൽ വാദിച്ചു. ടി റോഡിന്റെ രണ്ടാമത്തെ പ്രവൃത്തിയുടെ (SO182/18) സമയത്താണ് താൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ആയിരുന്നതെന്നും ഗ്രാമസഭയുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും നിർദ്ദേശപ്രകാരം പ്രസ്തുത റോഡ് ഗതാഗത യോഗ്യമാക്കൽ എന്ന പ്രവൃത്തിയാണ് നടത്തിയിട്ടുള്ളതെന്നും ശ്രീ. ഷരീഫ് ഉമ്മിണിയിൽ വാദിച്ചു. ശ്രീ ഷരീഫ് ഉമ്മിണിയിലിന്റെ വാദഗതികൾ അംഗീകരിക്കാവുന്നതാണെന്ന് ഹിയറിങ്ങിൽ പങ്കെടുത്ത പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ അറിയിച്ചു. അച്ചടക്കനടപടിയിലെ നടപടിക്രമങ്ങൾ പുരോഗമിക്കവേ മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ഷരീഫ് ഉമ്മിണിയിൽ 31.12.2025-ൽ സേവനത്തിൽ നിന്ന് വിരമിച്ചു.

7. കുറ്റാരോപിതന്റെ പ്രതിവാദ പത്രിക, പ്രതിവാദ പത്രികയിൻമേൽ പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ അഭിപ്രായ റിപ്പോർട്ട്, ഔപചാരിക അന്വേഷണ റിപ്പോർട്ട്, കുറ്റാരോപിതനെ നേരിൽ കേട്ടവേളയിലെ വാദങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം കൈതക്കുളം-സ്കൂൾകുന്ന് റോഡ് രണ്ടാംഘട്ട പുനരുദ്ധാരണപ്രവൃത്തിയുടെ നിർവ്വഹണം മാത്രമാണ് ശ്രീ. ഷരീഫ് ഉമ്മിണിയിൽ നടത്തിയിട്ടുള്ളത് എന്നും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതാണോ എന്ന് ഭരണസമിതി ഉറപ്പ് വരുത്തി അംഗീകാരം നൽകിയതിനെത്തുടർന്ന് നടത്തിയിട്ടുള്ള പ്രവൃത്തിയാണെന്നും നിലവിൽ ടി റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതാണ് എന്നും ബോധ്യപ്പെട്ടതിനാലും മറ്റ് സാമ്പത്തിക ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലാത്തതിനാലും വിജിലൻസ് മിന്നൽ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ഷരീഫ് ഉമ്മിണിയിൽ(PEN: 605814)-നെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ആരംഭിച്ച അച്ചടക്കനടപടി, ടിയാളെ കുറ്റവിമുക്തനാക്കിക്കൊണ്ട് തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഇന്ദു.എസ്.

അഡിഷണൽ സെക്രട്ടറി

1. ശ്രീ. ഷരീഫ് ഉമ്മിണിയിൽ (PEN: 605814), റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ **(ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം **(ഈ ഉത്തരവ് പ്രകാരമുള്ള തുടർനടപടികൾ അടിയന്തരമായി നടപ്പാക്കുന്നതിനായി)**
3. ഡയറക്ടർ, വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. വിജിലൻസ് (ഡി) വകുപ്പ് (Vig-D1/260/2024 dated 07.02.2026 പ്രകാരം)
5. തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.ബി) വകുപ്പ്
6. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള

7. വെബ് & ന്യൂ മീഡിയ,വിവര പൊതുജനസമ്പർക്ക വകുപ്പ്
8. സ്റ്റോക്ക് ഫയൽ (EWA2/7/2025-LSGD)

ഉത്തരവിൻ പ്രകാരം

Digitally signed by
Dileep D
Date: 13-07-2026
17:12:06

സെക്ഷൻ ഓഫീസർ